(സി) കർഷകദിനത്തോടനുബന്ധിച്ച് ജൈവകർഷകരെ പ്രത്യേകം ആദരിക്കുവാനും പ്രോൽസാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തിൽ കർഷക ദിനാചരണം നടത്തുന്നതിന് മുന്നോടിയായി പഞ്ചായത്ത് നേരത്തേതന്നെ കാർഷിക വികസന സമിതി യോഗം വിളിച്ചുകൂട്ടി സ്വാഗതസംഘം രൂപീകരിക്കുകയും കർഷകദിനാചരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടെയാണ് കർഷകദിനാചരണം നടത്തുന്നത്. സംസ്ഥാനതലത്തിൽ ഉദ്ഘാടനവും അതോടനുബന്ധിച്ച് കർഷക അവാർഡ് ദാനവും നടത്തുന്നു. മാത്രവുമല്ല സെമിനാറുകൾ, എക്സിബിഷനുകൾ, മത്സരങ്ങൾ എന്നിവയും നടത്തുന്നു. ഇതിനായി വിപുലമായ പ്രചാരണം സംഘടിപ്പിക്കുന്നതും വിവിധ ജില്ലകളിൽ നിന്നുള്ള കർഷകരെ പങ്കെടുപ്പിക്കുന്നതുമാണ്.

(സി) സ്വീകരിക്കാം. പഞ്ചായത്ത് തലത്തിലെ കർഷകദിനാചരണത്തോട് അനുബന്ധിച്ച് കർഷകരെ ആദരിക്കാറുണ്ട്. പഞ്ചായത്തിലെ മികച്ച ജൈവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി അവരെ കണ്ടുപിടിച്ച് ആദരിക്കുന്നു.

കട്ടനാട്ടിൽ നിറവ് പദ്ധതി

179 (3154) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കട്ടനാട്ടിൽ നിറവ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

"നിറവ് പദ്ധതി" നടപ്പിലാക്കുവാൻ കട്ടനാട് നിയോജക മണ്ഡലം തെരഞ്ഞെടുക്കപ്പെടാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly